പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2315 **27-10-2026-ൽ മറുപടിയ്ക്ക്**

പ്രതിരോധ മേഖലയിലെ കെൽട്രോണിന്റെ ഉൽപ്പന്ന വികസനവും വ്യവസായ വളർച്ചയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കെൽട്രോൺ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും ഈ മേഖലയിൽ സംസ്ഥാനത്തിന്റെ സാങ്കേതിക-വ്യവസായ ശേഷി വർധിപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

മറുപടി: 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി "പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും വിപണിയിൽ എത്തിക്കുകയും ചെയ്യും" എന്ന കെൽട്രോണുമായി ബന്ധപ്പെട്ട പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രതിരോധ മേഖലയിലെ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും സാങ്കേതിക വ്യവസായ ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടുന്ന എല്ലാ സഹായങ്ങളും പിന്തുണയും സർക്കാർ നൽകി വരുന്നു. പ്ലാൻ ഫണ്ട് ഉപയോഗിച്ച് Advanced Towed Array നിർമ്മാണത്തിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും, Electronics Package & Test Facility എന്ന ഫ്ലാഗ്ഷിപ് പദ്ധതിയുടെ ഭരണാനുമതി 2026-27 വർഷത്തേക്ക് റീവാലിഡേറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

(ബി) പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളും അനുബന്ധ ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനും കെൽട്രോൺ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: ഇന്ത്യൻ നാവികസേനയ്ക്കും പ്രതിരോധ മന്ത്രാലയത്തിനുമായി അത്യാധുനിക സോണാർ സംവിധാനങ്ങളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും കെൽട്രോൺ നിർമ്മിച്ചു നൽകി വരുന്നു. പ്രതിരോധ മേഖലകളിൽ തദ്ദേശീയ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ വിദേശ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനാണ് കെൽട്രോൺ ലക്ഷ്യമിടുന്നത്. നാവിക സേനയുടെ വിവിധ തരം കപ്പലുകളിൽ സ്ഥാപിക്കുന്നതിന് എക്കോ സൗണ്ടർ, ഇ എം ലോഗ്, ഡാറ്റാ ഡിസ്ട്രിബ്യൂഷൻ യൂണിറ്റുകൾ, Transducers, cavitation meters തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കെൽട്രോൺ നിർമ്മിച്ചു നൽകി വരുന്നു. 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി, ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ ഓട്ടോണോമസ് അണ്ടർവാട്ടർ വെഹിക്കിൾ ആയ “ജെൽകാപ്പി” ക്കായി കെൽട്രോൺ രൂപകൽപ്പന ചെയ്ത സോണാർ നിർമ്മിച്ചു.

ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന്റെ പ്രത്യേക അനുമതികളോടെ, നിർദ്ദിഷ്ട അണ്ടർവാട്ടർ ഇലക്ട്രോണിക്സ് സിസ്റ്റങ്ങൾ സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ കെൽട്രോൺ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രതിരോധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> പ്രതിരോധ മേഖലയിലെ BEL, MDL, BEML തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായും DRDO, NPOL കൊച്ചി, NSTL വിശാഖപട്ടണം തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് കെൽട്രോൺ നിരവധി പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുണ്ട് നാവികസേനയ്ക്ക് വേണ്ടി കെൽട്രോണിന്റെ സ്വന്തം സാങ്കേതികവിദ്യയും, കൂടാതെ സി-ഡാക്കിന്റെയും എൻ.പി.ഒ.എൽ-ന്റെയും സാങ്കേതികവിദ്യയും ഉപയോഗിച്ച് ടോവ്ഡ് അറെ സിസ്റ്റം, ട്രാൻസ്ഡ്യൂസർ, സോണോബൈ, സോണാർ പവർ ആംപ്ലിഫൈർ, സോനാർ അറെ, എക്കോ സൗണ്ടർ, ഇ എം ലോഗ്, അണ്ടർ വാട്ടർ ടെലിഫോണി തുടങ്ങി നിരവധി ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുന്നതിനായി മറ്റു പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന വിവിധ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽ നിന്ന് 'Self-Certification' പദവി ലഭിച്ചതോടെ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധനകൾ വേഗത്തിൽ പൂർത്തിയാക്കി നേരിട്ട് ഇന്ത്യൻ നേവിക്ക് കൈമാറുവാൻ കെൽട്രോണിന് സാധിക്കുന്നത് ഓർഡറുകൾ വേഗത്തിൽ പൂർത്തിയാക്കാൻ സഹായിക്കുന്നു.

(ഡി) കെൽട്രോണിന്റെ പ്രതിരോധ മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലൂടെ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കളുടെ സാങ്കേതിക നൈപുണ്യം വർധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> കെൽട്രോണിന്റെ പ്രതിരോധ മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലൂടെ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കേരള സാങ്കേതിക സർവകലാശാലയിൽ പഠിക്കുന്ന എം.ടെക്, Ph.D വിദ്യാർത്ഥികൾക്ക് വ്യവസായ മേഖല നേരിടുന്ന വെല്ലുവിളികൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായ ഗവേഷണ വികസന (R&D) പദ്ധതികളിൽ പങ്കാളികളാകാൻ അവസരമൊരുക്കുന്ന പുതിയ പ്രോഗ്രാമുകൾ കെൽട്രോൺ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലൂടെ യുവജനതയുടെ സാങ്കേതിക നൈപുണ്യം വികസിപ്പിക്കാനും അവരെ വ്യവസായ മേഖലക്ക് അനുയോജ്യമായ നിലയിലേക്ക് എത്തിക്കുവാനും സാധിക്കും. കെൽട്രോണിന്റെ നൈപുണ്യ വികസന മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങളിൽ അപ്രന്റീസ്ഷിപ്പ്, ട്രെയിനിങ് ഉൾപ്പെടെയുള്ളവ വഴി അഭ്യസ്തവിദ്യർക്ക് പ്രതിരോധ മേഖലയിൽ ലഭിക്കുന്ന പ്രായോഗിക പരിജ്ഞാനം വളരെയധികം പ്രയോജനകരമാകുന്നതാണ്.

(ഇ) പ്രതിരോധ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ കൂടുതൽ പദ്ധതികളും ഉൽപ്പാദന ഓർഡറുകളും കെൽട്രോണിന് ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>മറുപടി:</u> പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തിയ ആധുനിക വൽക്കരണവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പ്രതിരോധ ഇലക്ട്രോണിക്സിൽ കൂടുതൽ ഉൽപ്പാദനത്തിനും വിപണനത്തിനും കെൽട്രോണിന് വഴിയൊരുക്കുന്നുണ്ട്. Advanced Towed Array നിർമ്മാണത്തിനുള്ള

പദ്ധതിക്ക് ഭരണാനുമതി നൽകുകയും, Electronics Package & Test Facility എന്ന ഫ്ലാഗ്ഷിപ് പദ്ധതിയുടെ ഭരണാനുമതി 2026-27 വർഷത്തേക്ക് റീവാലിഡേറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

സെക്ഷൻ ഓഫീസർ